പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5661** **18/11/2019-ൽ മറുപടിക്ക്**

**ഹോമിയോപ്പതി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

**ചോദ്യം**

ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. ജി.എസ്.ജയലാൽ
ശ്രീ. മുഹമ്മദ് മുഹസിൻ പി.

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഹോമിയോപ്പതി വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചാരം നല്കുന്നതിന് സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (എ) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു. |
| (ബി) | സ്ത്രീകളുടെ മാനസിക/ശാരീരിക ആരോഗ്യം, സുരക്ഷ, സമത്വം എന്നിവ ലക്ഷ്യമാക്കി ഹോമിയോപ്പതി വകുപ്പ് നടത്തുന്ന സീതാലയം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു. |
| (സി) | ആധുനിക ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും ഹോമിയോപ്പതി വകുപ്പ് സുസജ്ജമാണോ; വ്യക്തമാക്കുമോ; | (സി) | അതെ. വിശദാംശങ്ങൾ അനുബന്ധം 'സി' ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ഏതൊക്കെ രോഗങ്ങൾക്കായുള്ള ഹോമിയോപ്പതി സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | വിശദാംശങ്ങൾ അനുബന്ധം 'ഡി' ആയി ചേർത്തിരിക്കുന്നു. |
| (ഇ) | കുട്ടികളുടെ മാനസിക-ബൗദ്ധിക -വ്യക്തിത്വ പ്രശ്നങ്ങൾ പരിഹരിക്കുന്ന സദ്ഗമയ പദ്ധതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയിക്കുമോ; | (ഇ) | വിശദാംശങ്ങൾ അനുബന്ധം 'ഇ' ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (എഫ്) | വകുപ്പിന്റെ കീഴിൽ വന്ധ്യതാ ചികിത്സാ കേന്ദ്രങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ? | (എഫ്) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം .'എഫ്' ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം എ**

സംസ്ഥാന ആസൂത്രണ ബോർഡ്, അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് വിഭാഗം, ആയുഷ് വകുപ്പ് എന്നീ സർക്കാർ സംവിധാനങ്ങളിലൂടെ സംസ്ഥാനത്തെ ഹോമിയോപ്പതി വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെട്ടിട്ടുണ്ട്. സംസ്ഥാന ആസൂത്രണ വകുപ്പ് ഓരോ വർഷവും പുറത്തിറക്കുന്ന "സാമ്പത്തിക അവലോകന" (Economic Review)-ത്തിൽ ഹോമിയോപ്പതി വകുപ്പിന്റെ പ്രവർത്തനങ്ങളും നേട്ടങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് വിഭാഗം ഓരോ വർഷത്തേയും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് പുറമേ ഓരോ പഞ്ചവൽസര പദ്ധതിയുടെയും പ്രകടനങ്ങൾ വിലയിരുത്തി 5 വർഷത്തെ പെർഫോർമൻസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഹോമിയോപ്പതി ഡയറക്ടറുടെയും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും യോഗങ്ങളിൽ ആയുഷ് വകുപ്പ് സെക്രട്ടറി പദ്ധതി പ്രവർത്തനങ്ങളും ഫണ്ട് വിനിയോഗവും യഥാസമയം വിലയിരുത്തിയിട്ടുണ്ട്. മാത്രമല്ല 2018-19 സാമ്പത്തിക വർഷം വരെയുള്ള ഓരോ വർഷത്തെയും പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വാർഷിക പദ്ധതി പ്രവർത്തന പുരോഗതി വിശദമാക്കുന്ന Annual Performance Report നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ 'Plan Space' എന്ന വെബ്സൈറ്റിൽ കഴിഞ്ഞ കാലങ്ങളിൽ ഹോമിയോപ്പതി വകുപ്പ് വാർഷിക പദ്ധതികളിലൂടെ കൈവരിച്ച ഭൗതിക നേട്ടങ്ങളും പദ്ധതി വിഹിത വിനിയോഗവും സംബന്ധിച്ച വിവരങ്ങൾ ലഭ്യവുമാണ്. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന്റെ ധനാഭ്യർത്ഥനകൾ സംബന്ധിച്ച കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിക്കു മുമ്പാകെയും ഹോമിയോപ്പതി വകുപ്പ് നടത്തിയ പ്രവർത്തനങ്ങളും കൈവരിച്ച നേട്ടങ്ങളും ഫണ്ട് വിനിയോഗത്തിന്റെ സമ്പൂർണ്ണ വിവരങ്ങളും സംബന്ധിച്ച വിശദ വിവരങ്ങൾ ഓരോ വർഷവും സമർപ്പിക്കാറുമുണ്ട്. സംസ്ഥാനത്ത് ആരോഗ്യ പരിപാലന രംഗത്ത് ഹോമിയോപ്പതി വകുപ്പ് ഒട്ടനവധി ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

ഹോമിയോപ്പതി വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചാരം നൽകുന്നതിനും ഹോമിയോപ്പതിയുടെ ആതുരസേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി സംസ്ഥാന വാർഷിക പദ്ധതി പ്രകാരം താഴെ പറയുന്ന പദ്ധതികളുടെ നടത്തിപ്പിനായി ആവശ്യമായ തുക അനുവദിച്ചുകൊണ്ട് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ചുകൊണ്ട് ഹോമിയോപ്പതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട ആതുര സേവന പ്രവർത്തനങ്ങൾ താഴെ വിശദീകരിക്കുന്നു.

**ഹോമിയോ ഡിസ്പെൻസറികൾ/ ആശുപത്രികളിലൂടെയുള്ള ആതുരസേവനം.**

സംസ്ഥാനത്ത് നിലവിൽ 669 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും, കിടത്തി ചികിത്സാ സൗകര്യങ്ങളോടുകൂടിയ 34 ഹോമിയോ ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. ഈ ആതുര സ്ഥാപനങ്ങളിലൂടെ നവജാത ശിശുക്കൾ മുതൽ കൗമാരക്കാർ, യുവാക്കൾ, ഗർഭിണികൾ, അമ്മമാർ തുടങ്ങി വയോധികർ വരെയുള്ള എല്ലാ വിഭാഗങ്ങളിലുംപെട്ട പൊതുജനങ്ങൾക്ക് സൗജന്യ ചികിത്സയും, പരിചരണവും, സാംക്രമിക രോഗങ്ങളെ ചെറുക്കുന്നതിനുള്ള പ്രതിരോധ മരുന്നുകളും നൽകി വരുന്നു.

**ക്യാൻസർ സാന്ത്വന പരിചരണ കേന്ദ്രങ്ങൾ (പെയിൻ & പാലിയേറ്റീവ് കെയർ സെൻററുകൾ)**

മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ക്യാൻസർ ചികിത്സയ്ക്കും സാന്ത്വന പരിചരണത്തിനും മറ്റുമായി ചേതന എന്ന പേരിൽ 10 കിടക്കകളോടു കൂടിയ ഒരു ക്യാൻസർ പെയിൻ & പാലിയേറ്റീവ് കെയർ സെൻറർ ഒട്ടനവധി ക്യാൻസർ രോഗികൾക്ക് സാന്ത്വനവും പരിചരണവും സൗഖ്യവും നൽകി വരുന്നു. അത്ഭുതപൂർവ്വമായി വർദ്ധിച്ചുവരുന്ന ഭീഷണമായ ക്യാൻസർ എന്ന വിപത്തിനെ പ്രതിരോധിക്കുന്നതിനും സാന്ത്വന ചികിത്സക്കുമായി സംസ്ഥാനത്തെ മറ്റെല്ലാ ജില്ലാ ആശുപത്രികളിലും പ്രത്യേകമായി സാന്ത്വന പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു. ഈ സെന്ററുകളിലൂടെ ക്യാൻസർ സാന്ത്വന പരിചരണവും ചികിത്സയും നൽകി വരുന്നു.

**ആധുനിക ജീവിതശൈലി രോഗപ്രതിരോധത്തിനും ചികിത്സയ്ക്കുമുള്ള ആയുഷ് ഹോളിസ്റ്റിക് ചികിത്സാ കേന്ദ്രങ്ങൾ (ആയുഷ്മാൻ ഭവ:)**

ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തോടൊപ്പം യോഗ, പ്രകൃതി ജീവനം തുടങ്ങിയ ഇതര ചികിത്സാ സമ്പ്രദായങ്ങളെക്കൂടി സംയോജിപ്പിച്ചുകൊണ്ട് ആധുനിക ജീവിതശൈലീ രോഗങ്ങളായ ക്യാൻസർ, പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, പക്ഷാഘാതം, ഗർഭാശയ രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള ചികിത്സയും ആതുരസേവനവും പൊതുജനങ്ങൾക്ക് ഈ ആയുഷ്മാൻഭവ: കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

**വനിതാ ആരോഗ്യ സുരക്ഷാ - സാന്ത്വന പദ്ധതി (സീതാലയം)**

സമൂഹത്തിൽ യാതന അനുഭവിക്കുന്ന സ്ത്രീകളുടെ സാമൂഹ്യ സുരക്ഷ, സമത്വം, ആരോഗ്യപരിപാലനം, മനോശാന്തി എന്നിവ ലക്ഷ്യമാക്കി ഹോമിയോപ്പതി വകുപ്പ് സ്ത്രീകൾക്ക് മാത്രമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സ്ത്രീ സാന്ത്വന പദ്ധതിയാണ് - സീതാലയം. ഈ പദ്ധതിയിലൂടെ അവരുടെ ആരോഗ്യ പരിപാലനത്തോടൊപ്പം ഇതര വകുപ്പുകളുടെ സഹകരണത്തോടെയുള്ള സുരക്ഷ, അവകാശ സംരക്ഷണം എന്നിവ ഉറപ്പ് വരുത്തുന്നു. മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് മനോരോഗ വിദഗ്ദർ കൗൺസിലിങ്ങ് നൽകുന്നു. സീതാലയം സെന്ററുകളോടനുബന്ധിച്ച് അനപത്യതാ ദു:ഖം പേറുന്ന ദമ്പതിമാർക്ക് കുട്ടികളുണ്ടാകാനുള്ള ചികിത്സ നൽകുന്ന മദർ & ചൈൽഡ് കെയർ സെന്ററുകളും, മദ്യപാനം/ പുകവലി/ ലഹരി ആസക്തികൾക്ക് വിധേയരായവരെ ലഹരി വിമോചന ക്ലിനിക്കുകളും (ഡി-അഡിക്ഷൻ സെന്ററുകൾ) പ്രവർത്തിച്ച് വരുന്നു. സീതാലയം പദ്ധതിയുടെ സേവനം എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും ഇപ്പോൾ ലഭ്യമാണ്.

**വയോജന പരിപാലന കേന്ദ്രങ്ങൾ**

വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനും, വാർദ്ധക്യകാല രോഗ പരിചരണങ്ങൾക്കും, ചികിത്സയ്ക്കുമായി ഫിസിയോതെറാപ്പി യൂണിറ്റോട്ടു കൂടിയ സുസജ്ജമായ ജെറിയാട്രിക് കെയർ സെന്ററുകൾ എല്ലാ ജില്ലാ ആശുപത്രികളോടനു ബന്ധിച്ചും പ്രവർത്തിച്ച് വരുന്നു. ഈ കേന്ദ്രങ്ങളിലൂടെ വയോജനങ്ങൾക്ക് വേണ്ട എല്ലാ വിധ ആതുരസേവനങ്ങളും സാന്ത്വനപരിചരണവും, ചികിത്സയും സൗജന്യമായി നൽകി വരുന്നു.

**കൗമാര ആരോഗ്യപരിചരണ/ പെരുമാറ്റ വൈകല്യ പരിഹാര പദ്ധതി (സദ്ഗമയ)**

കൗമാര പ്രായത്തിലുള്ള കുട്ടികളുടെ പഠന-വ്യക്തിത്വ വൈകല്യങ്ങൾ പരിഹരിക്കുന്നതിനും കൗമാര (മാനസിക-ശാരീരിക-ആരോഗ്യ) പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള 'സദ്ഗമയ' പദ്ധതി സംസ്ഥാന തലത്തിൽ സർക്കാർ ഹോമിയോ ആശുപത്രികൾ/ ഡിസ്പെൻസറികൾ വഴി നടത്തി വരുന്നു. സ്കൂൾ കുട്ടികളുടെ ആരോഗ്യ പരിപാലനത്തോടൊപ്പം വ്യക്തിത്വ അപഭ്രംശങ്ങളും പരിഹരിക്കുന്നതിനുള്ള കൗൺസിലിംഗ് അടക്കമുള്ള ചികിത്സാ സേവനങ്ങൾ ഈ സ്ഥാപനങ്ങളിലൂടെ നൽകി വരുന്നു.

**വന്ധ്യതാ നിവാരണ കേന്ദ്രങ്ങൾ**

സാന്ത്വന സൗഭാഗ്യമില്ലാതെ വിഷമിക്കുന്ന ദമ്പതികൾക്ക് ഹോമിയോപ്പതി ചികിത്സയിലൂടെ കുട്ടികളുണ്ടാകാൻ സഹായിക്കുന്ന കേന്ദ്രങ്ങളാണ് തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പ്രധാനമായും പ്രവർത്തിച്ചുവരുന്ന വന്ധ്യതാ നിവാരണ കേന്ദ്രങ്ങൾ (ഇൻഫെർട്ടിലിറ്റി സെന്ററുകൾ). ഹോമിയോപ്പതി ആശുപത്രി/ ഡിസ്പെൻസറികളിലൂടെ പൊതുവിൽ ഇതിനുള്ള ചികിത്സ നൽകി വരുന്നുണ്ടെങ്കിലും വന്ധ്യതാ നിവാരണത്തിന് മാത്രമായി പ്രത്യേകം പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലെ ചികിത്സയിലൂടെ അനപത്യതാ ദു:ഖം അനുഭവിച്ചു വന്നിരുന്ന ഒട്ടനവധി ദമ്പതിമാർക്ക് പ്രയോജനം ലഭിച്ചത് ഈ പദ്ധതിയുടെ വിജയത്തിന്റെ സാക്ഷ്യപത്രങ്ങളാണ്.

## സാംക്രമിക രോഗ നിയന്ത്രണ പദ്ധതി

കമ്മ്യൂണിക്കബിൾ ഡിസീസ് മാനേജ്മെന്റ് പ്രോഗ്രാം (സാംക്രമിക രോഗ നിയന്ത്രണ പദ്ധതി) പ്രകാരം സാംക്രമിക രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ജില്ലകൾ തോറും പകർച്ചവ്യാധി മേഖലകളിൽ മെഡിക്കൽ ക്യാമ്പുകളും, സെമിനാറുകളും ആരോഗ്യ ബോധവൽക്കരണ ക്യാമ്പുകളും നടത്തി വരുന്നു. പ്രീ-മൺസൂൺ വേളയിലും വേനൽക്കാല പൂർവ്വഘട്ടത്തിലും സാംക്രമികരോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുന്നു. സാംക്രമിക രോഗം വ്യാപകമാകുന്ന മേഖലകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യ-ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. മെഡിക്കൽ ക്യാമ്പുകളിലൂടെയും, സന്നദ്ധ സംഘടനകൾ മുഖേനയും, റസിഡന്റ്സ് അസോസിയേഷൻ മുഖേനയും ഹോമിയോ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുന്നു.

## ഹോമിയോപ്പതി സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ

ആധുനിക ജീവിതശൈലിയും ഭൂപ്രദേശങ്ങളുടെ സവിശേഷ പ്രത്യേകതകൾ മൂലവും ചില പ്രദേശങ്ങളിൽ കൂടുതലായി കണ്ടുവരുന്ന പ്രത്യേക രോഗങ്ങൾക്കായുള്ള സ്പെഷ്യാലിറ്റി കെയർ സെന്ററുകളിലൂടെ പ്രത്യേക പരിചരണവും ചികിത്സയും നൽകി വരുന്നു.

ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ അന്തഃസ്രാവി ഗ്രന്ഥി വൈകല്യം മൂലമുള്ള തൈറോയ്ഡ് തുടങ്ങിയ എൻഡോക്രൈൻ ഡിസോഡറുകൾ പരിഹരിക്കുന്ന സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ തിരുവനന്തപുരം ആറ്റിങ്ങൽ, മലപ്പുറം ഹോമിയോ ആശുപത്രികളിൽ ആസ്ത്മ, അലർജി ക്ലിനിക്കുകൾ, ഇടുക്കി, മലപ്പുറം ഹോമിയോ ആശുപത്രികളിൽ വാതരോഗ സ്പെഷ്യാലിറ്റി ക്ലിനിക്ക് തുടങ്ങിയവ പ്രവർത്തിച്ചു വരുന്നു. ഇത് കൂടാതെ പലവിധ രോഗങ്ങൾക്കുമുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകളും ജില്ലാ ഹോമിയോ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

## മൊബൈൽ ഹോമിയോ ക്ലിനിക്കുകൾ

ഇടുക്കി, വയനാട് ജില്ലകളിലെ ദുർഘട മേഖലകളിൽ പാർക്കുന്നവരുടെ ആരോഗ്യപരിപാലനത്തിനായി ഹോമിയോപ്പതിയുടെ സേവനം ലഭ്യമാക്കുന്നതിന് സ്പെഷ്യാലിറ്റി മൊബൈൽ ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിച്ചു വരുന്നു.

## ഫ്ളോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ

ആലപ്പുഴ ജില്ലയിലെ കുട്ടനാട്, കൈനകരി, ഹരിപ്പാട് തീരദേശവാസികളായ ജനങ്ങളുടെ ആരോഗ്യപരിപാലനത്തിനായി 3 ഫ്ളോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു.

## തീർത്ഥാടന കേന്ദ്രങ്ങളിൽ ഉത്സവകാലങ്ങളിലെ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ

ശബരിമല, പമ്പ, സന്നിധാനം, കരിമല, ആലുവ (ശിവരാത്രി), ഗുരുവായൂർ (ഏകാദശി), മലപ്പുറം ഹജ്ജ് കേന്ദ്രം, ആറ്റുകാൽ (പൊങ്കാല മഹോൽസവം) എന്നിവിടങ്ങളിൽ ഉൽസവ കാലങ്ങളിൽ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ച് തീർത്ഥാടകർക്ക് ഓരോ വർഷവും ആതുര സേവനം നൽകി വരുന്നു.

## ജയിലുകൾ/അനാഥമന്ദിരങ്ങൾ/ വൃദ്ധമന്ദിരങ്ങൾ/ അംഗൻവാടികൾ എന്നിവിടങ്ങളിലെ ഹോമിയോപ്പതി ആതുര സേവനം

കണ്ണൂർ സെൻട്രൽ ജയിൽ, അനാഥമന്ദിരങ്ങൾ, വയോജന മന്ദിരങ്ങൾ, അംഗൻവാടികൾ എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് ഹോമിയോപ്പതി വകുപ്പിലെ സേവന സന്നദ്ധരായ ഡോക്ടർമാർ സൗജന്യ ചികിത്സ നൽകി വരുന്നു.

## പട്ടികജാതി സങ്കേതങ്ങളിലെ ഹോമിയോപ്പതി ഹെൽത്ത് സെന്ററുകൾ

കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലായി 29 പട്ടികജാതി കോളനികളിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി സ്പെഷ്യൽ കംപോണന്റ് പ്ലാൻ പ്രകാരം പട്ടികജാതി വകുപ്പിന്റെ ധനസഹായത്താൽ ഹോമിയോപ്പതി ഹെൽത്ത് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഈ കോളനികളിൽ താമസിക്കുന്ന ഭൂരിഭാഗം വരുന്ന പട്ടികജാതിക്കാരുടെ ആരോഗ്യപ്രശ്നങ്ങൾക്ക് ഈ കേന്ദ്രങ്ങളിലൂടെ പരിഹാരങ്ങളും ആവശ്യമായ മറ്റ് ആതുര സേവനങ്ങളും നൽകി വരുന്നു.

## പെരിഫറൽ ഒ.പി. സെന്ററുകൾ

ഹോമിയോപ്പതി വകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിച്ച വരുന്ന ആതുരാലയങ്ങൾക്ക് പുറമേ പൊതുജനങ്ങളുടെയും, ജനപ്രതിനിധികളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സാമൂഹ്യ/ സന്നദ്ധ സംഘടനാ പ്രവർത്തകരുടെയും അപേക്ഷയും, അഭ്യർത്ഥനകളും കണക്കിലെടുത്ത് സംസ്ഥാനത്ത് വിവിധ ജില്ലകളിലായി നിലവിൽ 41 പെരിഫറൽ ഒ.പി. സെന്ററുകളും പ്രവർത്തിച്ച വരുന്നു. ഈ കേന്ദ്രങ്ങളിലൂടെ തദ്ദേശീയരായ പൊതുജനങ്ങൾക്ക് ഹോമിയോപ്പതിയുടെ സേവനവും ചികിത്സയും നൽകി വരുന്നു.

## ഹെപ്പറ്റൈറ്റിസ് ബി ട്രീറ്റ്മെന്റ് സെന്ററുകൾ

ഹെപ്പറ്റൈറ്റ് ബി എന്ന കരൾ രോഗത്തിനുള്ള പ്രത്യേക ചികിത്സയ്ക്കും പരിചരണത്തിനുമായി 2018-19-ൽ തിരുവനന്തപുരം, ആറ്റിങ്ങൽ ഹോമിയോ ആശുപത്രിയിൽ ഒരു ഹോമിയോപ്പതിക് ഹെപ്പറ്റൈറ്റിസ് ബി ട്രീറ്റ്മെന്റ് ക്ലിനിക്ക് ആരംഭിച്ചു. ഹെപ്പറ്റൈറ്റിസ് ബി തുടങ്ങിയ കരൾ രോഗങ്ങൾക്ക് ഹോമിയോപ്പതിയുടെ ചികിത്സയും സേവനവും ഈ കേന്ദ്രത്തിലൂടെ നൽകുന്നതാണ്.

## ട്രാൻസ്ജെൻഡേഴ്സ് സ്പെഷ്യാലിറ്റി ക്ലിനിക്ക് (നിസർഗ)

ഈ വർഷം (2019-20) പുതുതായി ട്രാൻസ്ജെൻഡേഴ്സിന്റെ സാമൂഹ്യ-ആരോഗ്യ-മാനസിക-വ്യക്തിത്വ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേകമായി ഹോമിയോപ്പതി വകുപ്പ് ഒരു ട്രാൻസ്ജെൻഡേഴ്സ് സ്പെഷ്യാലിറ്റി ക്ലിനക്ക് നിസർഗ എന്ന പേരിൽ പൈലറ്റ് പ്രൊജക്ട് ആയി തിരുവനന്തപുരം ജില്ലാ ഹോമിയോ ആശുപത്രിയിൽ ആരംഭിച്ചു. ഹോമിയോപ്പതി ചികിത്സയോടൊപ്പം ക്ലിനിക്കൽ കൗൺസിലിംഗം, സാമൂഹ്യ സമത്വവും, സുരക്ഷയും നൽകുവാൻ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ബി**

2010-11-ൽ ആരംഭിച്ച ഹോമിയോപ്പതി വകുപ്പിന്റെ പ്രഥമ ലിംഗാധിഷ്ഠിത പദ്ധതിയായ സീതാലയം ഇന്ന് കേരളത്തിൽ ഉടനീളം എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഒരു ഒ.പി. വിഭാഗവും ഒരു കൗൺസിലിംഗ് സെന്ററും എല്ലാ ചൊവ്വാഴ്ചയും ലഹരി വിമോചന ക്ലിനിക്കും ഈ യൂണിറ്റിൽ പ്രവർത്തിക്കുന്നു.

സമൂഹത്തിൽ അവശത അനുഭവിക്കുന്ന സ്ത്രീകളുടെ മാനസികവും, ശാരീരികവും, വൈകാരികവുമായ ആരോഗ്യം ഉറപ്പുവരുത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റിന്റെ സേവനം തേടിവരുന്നവർക്ക് സൗജന്യവൈദ്യസഹായവും നിയമഅവബോധവും ഈ പദ്ധതിയിലൂടെ നല്കിവരുന്നു.

സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്ന് ശാരീരികമായും, മാനസികമായും പീഡനം അനുഭവിക്കുന്നവർ, ദാമ്പത്യ പ്രശ്നം അനുഭവിക്കുന്നവർ, വിധവകൾ, ഭർത്താവിൽ നിന്ന് വേർപിരിഞ്ഞ് താമസിക്കുന്നവർ, വിവാഹബന്ധം വേർപ്പെടുത്തിയവർ, മാനസികപ്രശ്നം അനുഭവിക്കുന്നവർ ശാരീരിക വിഷമതകൾ അനുഭവിക്കുന്നവർ, കൗമാരപ്രശ്നക്കാർ, ഭർത്താവിന്റെ മദ്യപാനം മൂലം വിഷമതകൾ അനുഭവിക്കുന്നവർ തുടങ്ങിയ വിവിധതരം പ്രശ്നങ്ങൾ സീതാലയം ഒ.പി.യിൽ ചികിത്സയും സാന്ത്വനവും തേടി എത്തുന്നു.

ഇവർക്ക് മറ്റ് ഒ.പി.യിൽ നിന്ന് വിത്യസ്തമായി സ്വകാര്യതയും കൂടുതൽ സമയവും അനുവദിച്ച് നല്കുന്നതോടൊപ്പം പ്രത്യേകമായി തയ്യാറാക്കിയ കേസ് ഫോർമാറ്റിലാണ് ഇവരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത്. കൗൺസിലിംഗ് ആവശ്യമായ കേസുകൾക്ക് കൗൺസിലിംഗിന്റെ സേവനം ലഭ്യമാക്കുന്നു.

ഈ പ്രോജക്ടിന്റെ ഭാഗമായി എല്ലാ ജില്ലകളിലും വിവിധ മേഖലകളിലെ സർക്കാർ, സർക്കാരേതര മേഖലകൾ, കുടുംബശ്രീ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ച് അതുവഴി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ആവശ്യക്കാർക്ക് നിയമസഹായം, പുനരധിവാസം, മെച്ചപ്പെട്ട ചികിത്സ ഇവ നല്കുകയും ചെയ്തുവരുന്നു.

കുടുംബത്തിൽ ശാരീരികമായും, മാനസികമായും പീഡനം അനുഭവിക്കുന്നവർക്ക് നിയമപരമായ അവബോധം നല്കുകയും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അഡ്വക്കേറ്റിന്റെ സഹായം ലഭ്യമാക്കുകയും ചെയ്തുവരുന്നു.

കുട്ടികളുടെ പഠനവൈകല്യവും സ്വഭാവവൈകല്യവും മൂലം വിഷമതകൾ അനുഭവിക്കുന്ന അമ്മമാർക്ക് കുട്ടികളോടൊപ്പം കൗൺസിലിംഗ് നടത്തുകയും വിശദമായി വിവരങ്ങൾ ചോദിച്ച് മനസ്സിലാക്കി മരുന്ന് നല്കുകയും ചെയ്യുന്നത് വഴി മെച്ചപ്പെട്ട പഠന നിലവാരത്തിലേക്ക് കുട്ടികളെ ഉയർത്തിക്കൊണ്ടുവരുന്നതിന് സീതാലയം വഴി സാധ്യമായിട്ടുണ്ട്.

വിവിധ റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, ശ്രീ ചിത്രാ പുവർഹോം, ഐ.സി.ഡി.എസിന്റെ കീഴിലുള്ള വിവിധ യൂണിറ്റുകൾ എന്നിവിടങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തുകയും ഇതേ തുടർന്ന് പ്രസ്തുത സ്ഥലങ്ങളിൽ നിന്ന് ഈ യൂണിറ്റിലേക്ക് പ്രശ്നപരിഹാരത്തിനായി സ്ത്രീകൾ എത്തപ്പെടുകയും അവർക്ക് ആവശ്യമായ സേവനം നല്കിവരുകയും ചെയ്യുന്നു.

കൗമാരക്കാരുടെ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും ദാമ്പത്യപ്രശ്നങ്ങൾ പുകവലി, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യഫലങ്ങൾ, വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ എന്നിവയോടൊപ്പം സീതാലയത്തിന്റെ പ്രവർത്തനങ്ങളും ഹോമിയോപ്പതി ചികിത്സയുടെ പ്രത്യേകതയും പ്രയോജനങ്ങളും കൂടി വിശദീകരിച്ചാണ് ക്ലാസ്സുകൾ നടത്തുന്നത്. ഈ ബോധവത്കരണ ക്ലാസ്സുകൾ വഴി നിരവധിപേർ സീതാലയത്തിലേക്ക് ചികിത്സക്കായി എത്തുന്നുണ്ട്.

2012-2013 വർഷ കാലയളവിൽ ഇതിനോടനുബന്ധമായി ഇൻഫർട്ടിലിറ്റി ക്ലിനിക്, ലഹരിവിമോചന ക്ലിനിക് എന്നിവയും പ്രവർത്തനം ആരംഭിച്ചു. ആഴ്ചയിൽ ഒരു ദിവസം ഗൈനക്കോളജിസ്റ്റിന്റെയും, സൈക്യാട്രിസ്റ്റിന്റെയും സേവനം സൗജന്യമായി നല്കിവരുന്നു.

വനിതാസെല്ലിൽ നിന്നും വനിതാകമ്മീഷനിൽ നിന്നും, പിങ്ക് പോലീസ് മുഖേനയും ഇവിടെ സ്ത്രീകൾ എത്തിച്ചേരുന്നു.

വനിതാസെല്ലിൽ നിന്നും എത്തിച്ചേരുന്ന ദാമ്പത്യതകർച്ചയുടെ വക്കിലെത്തി നിൽക്കുന്ന ദമ്പതിമാർക്ക് കൗൺസിലിംഗും അവരവരുടെ ശരീരഘടന പ്രകാരമുള്ള ഹോമിയോ മരുന്നും നൽകുന്നതിലൂടെ സന്തോഷഭരിതമായ കുടുംബജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുന്നു.

സീതാലയത്തിൽ ചികിത്സ തേടി എത്തിചേരുന്ന ഓരോ വ്യക്തിക്കും മെച്ചപ്പെട്ട ചികിത്സയും കൗൺസിലിംഗും അനുബന്ധ സേവനവും സീതാലയം ഉറപ്പുവരുത്തുന്നു.

സീതാലയം സെന്ററുകളോടനുബന്ധിച്ച് അനപത്യതാ ദു:ഖം പേറുന്ന ദമ്പതിമാർക്ക് കുട്ടികളുണ്ടാകാനുള്ള ചികിത്സ നൽകുന്ന മദർ & ചൈൽഡ് കെയർ സെന്ററുകളും, മദ്യപാനം/ പുകവലി/ ലഹരി ആസക്തികൾക്ക് വിധേയരായവരെ ലഹരി വിമോചന ക്ലിനിക്കുകളും (ഡി-അഡിക്ഷൻ സെന്ററുകൾ) പ്രവർത്തിച്ചു വരുന്നു. സീതാലയം പദ്ധതിയുടെ സേവനം എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും ഇപ്പോൾ ലഭ്യമാണ്.

[signature]

സെക്ഷൻ ഓഫീസർ.

**അനുബന്ധം സി**

ആധുനിക ജീവിത ശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി 2012 മുതൽ ഹോമിയോപ്പതി വകുപ്പ് നടപ്പാക്കി വരുന്ന ഒരു സമഗ്ര ചികിത്സാ പദ്ധതിയാണ് "**ആധുനിക ജീവിത ശൈലി രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കുമുള്ള ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ" (AYUSH Holistic Centre for prevention and management of life style diseases).**

ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തോടൊപ്പം യോഗ, പ്രകൃതി ജീവനം തുടങ്ങിയ ഇതര ചികിത്സാ സമ്പ്രദായങ്ങളെക്കൂടി സംയോജിപ്പിച്ചുകൊണ്ട് ആധുനിക ജീവിതശൈലി രോഗങ്ങളായ ക്യാൻസർ, പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദ്രോഗം, പക്ഷാഘാതം, ഗർഭാശയ രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള ചികിത്സയും ആതുരസേവനവും പൊതുജനങ്ങൾക്ക് ഈ ആയുഷ്മാൻഭവ: കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു.

സംസ്ഥാനത്തെ എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും ഇപ്പോൾ ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ഡി**

ഒട്ടനവധി വ്യത്യസ്ത രോഗങ്ങളുടെ ചികിത്സയ്ക്കായി ഹോമിയോപ്പതിയിൽ സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആധുനിക ജീവിത ശൈലിയും ഭൂപ്രദേശങ്ങളുടെ സവിശേഷ പ്രത്യേകതകളും മൂലം ചില പ്രദേശങ്ങളിൽ കൂടുതലായി കണ്ടുവരുന്ന പ്രത്യേക രോഗങ്ങൾക്കായുള്ള സ്പെഷ്യാലിറ്റി കെയർ സെന്ററുകളിലൂടെ പ്രത്യേക പരിചരണവും ചികിത്സയും നൽകി വരുന്നു.

ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ അന്തഃസ്രാവി ഗ്രന്ഥി വൈകല്യം മൂലമുള്ള തൈറോയ്ഡ് തുടങ്ങിയ എൻഡോക്രൈൻ ഡിസോഡറുകൾ പരിഹരിക്കുന്ന സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ, തിരുവനന്തപുരം ആറ്റിങ്ങൽ, മലപ്പുറം ഹോമിയോ ആശുപത്രികളിൽ ആസ്ത്മ, അലർജി ക്ലിനിക്കുകൾ, ഇടുക്കി, മലപ്പുറം ഹോമിയോ ആശുപത്രികളിൽ വാതരോഗ സ്പെഷ്യാലിറ്റി ക്ലിനിക്ക്, കോട്ടയം, കുറിച്ചി, പാലാ ആശുപത്രികളിൽ മൂത്രാശയക്കല്ല്, ഗർഭാശയമുഴ എന്നിവയ്ക്കായുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ തുടങ്ങിയവ പ്രവർത്തിച്ചു വരുന്നു. ഇത് കൂടാതെ പലവിധ രോഗങ്ങൾക്കുമുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകളും ജില്ലാ ഹോമിയോ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അവ ചുവടെ ചേർത്തിരിക്കുന്നു.

**ഹോമിയോപ്പതിയിൽ 2018-19-ൽ തുടങ്ങിയ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ**

**ട്രാൻസ്ജെൻഡേഴ്സ് സ്പെഷ്യാലിറ്റി ക്ലിനിക്ക്**

ട്രാൻസ്ജെൻഡേഴ്സിന്റെ സാമൂഹ്യ-ആരോഗ്യ-മാനസിക-വ്യക്തിത്വ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേകമായി ഹോമിയോപ്പതി വകുപ്പ് ഒരു ട്രാൻസ്ജെൻഡേഴ്സ് സ്പെഷ്യാലിറ്റി ക്ലിനക്ക് പൈലറ്റ് പ്രൊജക്ട് എന്ന നിലയിൽ തിരുവനന്തപുരത്ത് ആരംഭിച്ചു. ഹോമിയോപ്പതി ചികിത്സയോടൊപ്പം നിയമസഹായവും, സാമൂഹ്യ സമത്വവും, സുരക്ഷയും നൽകുവാൻ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

**ഹെപ്പറ്റൈറ്റിസ് ബി ട്രീറ്റ്മെൻറ് സെൻററുകൾ**

ഹെപ്പറ്റൈറ്റ് ബി എന്ന കരൾ രോഗത്തിനുള്ള പ്രത്യേക ചികിത്സയ്ക്കും പരിചരണത്തിനുമായി 2018-19-ൽ തിരുവനന്തപുരം, ആറ്റിങ്ങൽ ഹോമിയോ ആശുപത്രിയിൽ ഒരു ഹോമിയോപ്പതിക് ഹെപ്പറ്റൈറ്റിസ് ബി ട്രീറ്റ്മെന്റ് ക്ലിനിക്ക് ആരംഭിച്ചു. ഹെപ്പറ്റൈറ്റിസ് ബി തുടങ്ങിയ കരൾ രോഗങ്ങൾക്ക് ഹോമിയോപ്പതിയുടെ ചികിത്സയും സേവനവും ഈ കേന്ദ്രത്തിലൂടെ നൽകുന്നതാണ്.

**തൈറോയ്ഡ് സ്പെഷ്യാലിറ്റി ക്ലിനിക്ക്**

മലയോര മേഖലയിൽ ഉൾപ്പെടുന്ന ജില്ലയായതിനാലും ഭക്ഷണത്തിൽ മീനിന്റെ ഉപഭോഗം കുറവായതിനാലും അയഡിന്റെ അപര്യാപ്തത മൂലമുള്ള തൈറോയ്ഡ് രോഗം കോട്ടയം ജില്ലയിൽ കൂടുതലായി കണ്ടുവരുന്നു. ആയതിനാൽ കോട്ടയം ജില്ലാ സർക്കാർ ഹോമിയോ ആശുപത്രിയിൽ ഈ വർഷം പുതുതായി തൈറോയ്ഡ് സ്പെഷ്യാലിറ്റി ക്ലിനിക്ക് ആരംഭിച്ചു.

**ആസ്ത്മ അലർജി സ്പെഷ്യാലിറ്റി ക്ലിനിക്ക്**

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ ജില്ലയിൽ ആസ്ത്മ അലർജി സാദ്ധ്യത കൂടുതലായി കണ്ടുവരുന്നതിനാൽ കുറിച്ചി ഹോമിയോ ആശുപത്രിയിൽ ഈ വർഷം പുതുതായി ആസ്ത്മ അലർജി സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ആരംഭിച്ചു.

**ഈ വർഷം (2019-20) ആരംഭിച്ച ഹോമിയോപ്പതി സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ**

- ആസ്ത്‌മ/ അലർജി ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, തിരുവനന്തപുരം
- ആസ്ത്‌മ/ അലർജി ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, നെയ്യാറ്റിൻകര
- സ്പെഷ്യലിറ്റി ക്ലിനിക്ക് ഫോർ ലൈഫ് സ്റ്റൈൽ ഡിസീസിസ്, ഗവൺമെന്റ് ഹോമിയോ ആശുപത്രി, നെയ്യാറ്റിൻകര
- ആസ്ത്‌മ/ അലർജി ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, ആറ്റിങ്ങൽ
- ഹെപ്പറൈറ്റിസ് ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, ആറ്റിങ്ങൽ
- ഡയബറ്റിസ് ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, ആറ്റിങ്ങൽ
- തൈറോയിഡ് ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, ആറ്റിങ്ങൽ
- റുമാറ്റിക് സ്പെഷ്യൽ ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, മുട്ടം
- ഓട്ടിസം & സ്പെക്ട്രം ഡിസ്ഓർഡർ മാനേജ്മെന്റ് ക്ലിനിക് ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, കിഴക്കമ്പലം.
- തൈറോയിഡ് ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, പാലക്കാട്
- ആനോ-റെക്ടൽ ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, പാലക്കാട്
- സ്പെഷ്യൽ ട്രൈബൽ ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, പാലക്കാട്
- തൈറോയിഡ് ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, മലപ്പുറം
- ആസ്ത്‌മ ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, മലപ്പുറം
- ആസ്ത്‌മ ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, മഞ്ചേരി
- റുമാറ്റിക് ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, മഞ്ചേരി
- ആസ്ത്‌മ ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, അഞ്ചുകുന്ന്
- ജോയിന്റ് ഡിസ്ഓർഡർ ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, പുറമേരി
- പീഡിയാട്രിക് ക്ലിനിക് ഗവൺമെന്റ് ഹോമിയോ ആശുപത്രി, പുറമേരി
- തൈറോയിഡ് ക്ലിനിക് ജില്ലാ ഹോമിയോ ആശുപത്രി, കണ്ണൂർ
- ക്യാൻസർ ക്ലിനിക് ജില്ലാ ഹോമിയോ ആശുപത്രി, കണ്ണൂർ

**സെക്ഷൻ ഓഫീസർ.**

**<u>അനുബന്ധം ഇ</u>**

കൗമാരക്കാരായ കുട്ടികൾക്കു വേണ്ടി ഹോമിയോപ്പതി വകുപ്പ് ആരംഭിച്ച പദ്ധതിയാണ് സദ്ഗമയ. 2012-ൽ തൃശ്ശൂരിൽ ആരംഭിച്ച പദ്ധതി, 2014-ൽ കേരളമാകെ വ്യാപിപ്പിച്ചു. 10 മുതൽ 19 വയസ്സു വരെയുള്ള (കൗമാരക്കാർ) കുട്ടികളുടെ മൊത്തം ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതോടൊപ്പം സ്വഭാവ വൈകല്യങ്ങളോ പഠന വൈകല്യങ്ങളോ അവർക്കുള്ള പക്ഷം അവ കണ്ടെത്തി അവരുടെ വ്യക്തിത്വ വളർച്ചക്കും പദ്ധതി ഊന്നൽ നൽകുന്നു. ഹോമിയോപ്പതി മരുന്നുകൾക്കു പുറമേ, കൗൺസിലിംഗ്, പ്രത്യേക പഠനസഹായങ്ങൾ, സൈക്കോതെറാപ്പി മുതലായവ ഉപയോഗപ്പെടുത്തിയുള്ള രീതിയാണ് ഈ പദ്ധതിയിൽ അവലംബിച്ചിരിക്കുന്നത്.

പല കുടുംബങ്ങളിലും സ്കൂളുകളിലും സ്ഥിരമായി മോശം പഠന നിലവാരമുള്ള കുട്ടികളുണ്ട്. നിർഭാഗ്യവശാൽ അവരിൽ ചിലർ സ്വഭാവവൈകല്യങ്ങളും പ്രകടമാക്കാറുണ്ട്. അവർ വിദ്യാലയങ്ങൾക്ക് തലവേദനയും കുടുംബങ്ങൾക്ക് മനോവിഷമവും ഉണ്ടാക്കുന്നു. ഇതിനു പല കാരണങ്ങളുണ്ട്. ഇവയിൽ ചില പ്രശ്നങ്ങൾക്ക് വിദഗ്ധ ചികിത്സ ആവശ്യമാണ്. സദ്ഗമയ സെന്ററിൽ പഠന വൈകല്യമുള്ള (എഴുതാനും വായിക്കാനും കണക്കു കൂട്ടാനും പ്രയാസമുള്ള)വർക്ക് പ്രത്യേക പഠന പരിശീലനം ഒരു സ്പെഷ്യൽ എഡ്യൂക്കേഷൻ ടീച്ചറുടെ നേതൃത്വത്തിൽ ലഭ്യമാക്കുന്നു. അതു പോലെ തന്നെ സ്വഭാവ വൈകല്യങ്ങൾ (ഒട്ടും അടങ്ങിയിരുന്നു പഠിക്കാൻ പറ്റാത്ത വികൃതി കാണിക്കുന്ന സ്വഭാവം, ചില കാര്യങ്ങളോട് വിവരിക്കാൻ പറ്റാത്ത ഭീതി, ചില കാര്യങ്ങൾ ആവർത്തിച്ച് ചെയ്തുകൊണ്ടിരിക്കുക, കുറ്റകൃത്യ വാസന, സ്ഥിരമായ മോഷണസ്വഭാവം, ലഹരിയോടുള്ള ആസക്തി, ലൈംഗിക പീഢനാനന്തരമുള്ള മാനസികാവസ്ഥ) പ്രകടമാക്കുന്നവർക്ക് ഹോമിയോ ചികിത്സ കൂടാതെ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനവും പദ്ധതി വഴി ലഭ്യമാണ്.

സെക്ഷൻ ഓഫീസർ.

<u>**അനുബന്ധം എഫ്**</u>

ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ ജനനി എന്ന പേരിൽ വന്ധ്യതാ ചികിത്സാ കേന്ദ്രങ്ങൾ നിലവിലുണ്ട്. സമൂഹത്തിൽ അനപത്യതാ ദു:ഖം (sorrow of Infertility) അനുഭവിക്കുന്ന നിരാശരും ഹതാശരുമായ ദമ്പതികൾക്ക് സന്താന സൗഭാഗ്യത്തിലൂടെ സന്തോഷവും സായൂജ്യവും കൈവരുത്തുക എന്ന ലക്ഷ്യത്തോടെ ഹോമിയോപ്പതി വകുപ്പ് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ 2017-ൽ ആരംഭിച്ച ജനോപകാരപ്രദമായ ഒരു വാർഷിക പദ്ധതിയാണ്- ജനനി (Mother)

അമ്മയും കുഞ്ഞും എന്ന പേരിൽ 2008 മുതൽ ആഴ്ചയിൽ ഒരിക്കൽ പ്രവർത്തിച്ചു വന്നിരുന്ന സ്പെഷ്യൽ ഒ.പി. ക്ലിനിക്കുകളിലൂടെയും 2010-11-ൽ ആരംഭിച്ച ഹോമിയോപ്പതി വകുപ്പിന്റെ ലിംഗാധിഷ്ഠിത സ്ത്രീ സാന്ത്വന പദ്ധതിയായ സീതാലയ (Women Health Care Centre)-ത്തിന്റെ ഭാഗമായി ആരംഭിച്ച വന്ധ്യതാ നിവാരണ കേന്ദ്രങ്ങളിലൂടെയും കുട്ടികളില്ലാത്ത ഒട്ടേറെ ദമ്പതികൾക്ക് ഹോമിയോപ്പതി ചികിത്സയിലൂടെ സന്താന സൗഭാഗ്യം നൽകുവാൻ കഴിഞ്ഞു. വന്ധ്യതാ നിവാരണ ചികിത്സാ രംഗത്തെ ഈ വിജയമാണ് ജനനി എന്ന പേരിൽ ഒരു പദ്ധതിയുടെ പൂർണ്ണ രൂപത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഹോമിയോപ്പതി വകുപ്പിന് പ്രേരണയും പ്രചോദനവുമായത്. 2017-18-ൽ ജനനി എന്ന പേരിൽ ഔപചാരികമായി പ്രവർത്തനം ആരംഭിച്ച ഈ പദ്ധതിയുടെ സേവനം ഇന്ന് സംസ്ഥാനത്തെ എല്ലാ സർക്കാർ ജില്ലാ ഹോമിയോ ആശുപത്രികളിലും ലഭ്യമാണ്. തനതായ ഹോമിയോ ചികിത്സയോടൊപ്പം ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം കൂടി ഈ സെന്ററുകളിൽ ലഭ്യമാണ്. എല്ലാ ജില്ലകളിലും ഈ പദ്ധതിക്ക് വന്ധ്യതാ നിവാരണ ചികിത്സയിൽവൈദഗ്ധ്യം നേടിയ ഒരു ഹോമിയോ ഡോക്ടർ കൺവീനറായും സംസ്ഥാന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നിർവ്വഹിക്കുന്നതിനുമായി ഒരു സ്റ്റേറ്റ് കൺവീനറും പ്രവർത്തിച്ചു വരുന്നു.

ജനനി എന്ന പദ്ധതിയിലൂടെ ജൻമം കൊണ്ട കുട്ടികളാണ് ഈ പദ്ധതിയുടെ വിജയത്തിന്റെ അനിഷേധ്യമായ ജീവിക്കുന്ന ദൃഷ്ടാന്തങ്ങൾ (living examples)

2019-20-ലെ വാർഷിക പദ്ധതിയിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കണ്ണൂർ ജനനി കേന്ദ്രത്തെ മികവിന്റെ കേന്ദ്രമായി (Centre of Excellent) ഉയർത്തുവാനും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യപ്പെടുന്നു.

സെക്ഷൻ ഓഫീസർ.